പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1818 **26-10-2026-ൽ മറുപടിയ്ക്ക്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. മമ്മിക്കുട്ടി	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അപേക്ഷ സമർപ്പിച്ചാൽ തീർപ്പു കൽപ്പിക്കേണ്ടത് എത്ര ദിവസത്തിനുള്ളിലാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സി.എം.ഡി.ആർ.എഫ്. പോർട്ടൽ മുഖേന ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, തഹസിൽദാർ, ജില്ലാ കളക്ടർ എന്നിവർ പരിശോധിച്ച് ചികിത്സാ സഹായം അനുവദിച്ചു വരുന്നു. കൂടുതൽ തുക അനുവദിക്കേണ്ട അപേക്ഷകൾ സർക്കാർ തലത്തിൽ ബന്ധപ്പെട്ട റവന്യൂ (ഡി.ആർ.എഫ്) വകുപ്പിൽ നിന്ന് പരിശോധിച്ച് നൽകുന്ന മുറയ്ക്ക് റവന്യൂ സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ് മന്ത്രി, മുഖ്യമന്ത്രി എന്നീ തലങ്ങളിൽ തുക അനുവദിച്ചുകൊണ്ട് അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി വരുന്നു.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര തുക നൽകി; വ്യക്തമാക്കാമോ;

മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 22.10.2026 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 192.77 കോടി രൂപ വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്.

(സി) സി.എം.ഡി.ആർ.എഫ്. അപേക്ഷ റവന്യൂ സെക്രട്ടറിയുടെ കയ്യിൽ കെട്ടിക്കിടക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ലഭ്യമാകുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ